"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) - ജീവനക്കാര്യം - ശ്രീ. ശ്യാംകുമാർ കെ.എസ്.-ന്റെ (ക്ലാർക്ക്, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്) ട്രിഡയിലെ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.520/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/02/2021

---

പരാമർശം:- 1 സർക്കുലർ നം.42/2013/ഫിൻ തീയതി 10.05.2013.

2 സ.ഉ.(അച്ചടി) നം.580/2013/ഫിൻ തീയതി 28.11.2013.

3 സ.ഉ.(സാധാ) നം. 351/2018/തസ്വഭവ തീയതി 6/02/2018

4 സ.ഉ.(സാധാ) നം. 21/2019/തസ്വഭവ തീയതി 4/01/2019

5 സ.ഉ.(സാധാ) നം. 440/2020/തസ്വഭവ തീയതി 21/02/2020

6 ട്രിഡ സെക്രട്ടറിയുടെ 9/02/2021ലെ എ1/491/2018/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ പരാമർശം (3) മുഖേന അന്യത്രസേവന വ്യവസ്ഥയിൽ നിയമിതനായ ശ്രീ.ശ്യാംകുമാർ.കെ.എസ്. (ക്ലാർക്ക്, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്) -ന്റെ അന്യത്രസേവന കാലാവധി 28/02/2021-ൽ അവസാനിച്ചതായും ടി സേവനകാലം 01/03/2021 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (6) പ്രകാരം ട്രിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് ഗ്രേഡ് I ആയി അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.ശ്യാമകുമാർ.കെ.എസ്.ന്റെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം - I ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01/03/2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി

ശ്രീ. ശ്യാംകുമാർ.കെ.എസ്. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ